16 വാട്ടർ സാമ്പിളുകൾ മാസപരിശോധന നടത്തി 6 കിണറുകളിലെ ജലത്തിൽ കാഠിന്യം അനുവദിക്കപ്പെട്ട അളവിൽ നിന്നും കൂടുതലാണ്. ഒരു കിണറിലെ ജലത്തിൽ കാൽസ്യത്തിന്റെയും ക്ലോറൈഡിന്റെയും അളവ് അനുവദിക്കപ്പെട്ട അളവിനേക്കാൾ കൂടുതലാണ്. എല്ലാ സാമ്പിളുകളിലും ലെഡിന്റെയും കാഡ്മിയത്തിന്റെയും അളവ് കുറവാണ്.

(ഇ) കോള കമ്പനി സ്ഥിതിചെയ്യുന്ന പെരുമാട്ടി പഞ്ചായത്തിൽ പുതിയ ജല വിതരണ പദ്ധതികളൊന്നും കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ ഇപ്പോൾ ഇല്ല. പെപ്സി കമ്പനി സ്ഥിതിചെയ്യുന്ന പുതുശ്ശേരി പഞ്ചായത്തിൽ മുഴുവൻ ഭാഗത്തും ശുദ്ധജലവിതരണം നടത്തുന്നതിനായി ടെക്നോളജി മിഷൻ സഹായത്തോടെ ഒരു പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്.

(എഫ്) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശ പ്രകാരം ഈ പ്രദേശത്തെ ഭൂഗർഭജലത്തിന്റെ അളവും വിനിയോഗവും സംബന്ധിച്ചുള്ള പഠനം നടത്തിവരികയാണ്. ഈ പഠനം പൂർത്തിയായി ഹൈക്കോടതി തീരുമാനം കൂടി വന്നശേഷം ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളുന്നതാണ്.

മഴവെള്ളം സംഭരിക്കൽ

32 [189] ശ്രീ. ഇസ്ഹാക് കുരിക്കൾ :
,, പി. കെ. അബ്ദുറബ്ബ് :
,, സി. മോയിൻകുട്ടി :
,, കെ. എൻ. എ. ഖാദർ :
,, പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മഴവെള്ളം സംഭരിച്ച് ഉപയോഗപ്പെടുത്തുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് നടപ്പിലാക്കുന്നത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) ഇതിനായി നിയമനിർമ്മാണം നടത്തുന്നതിനുള്ള നടപടികൾ എത്രത്തോളമായി എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മഴവെള്ളം ഉപയോഗപ്പെടുത്താനായി കേരള വാട്ടർ അതോറിറ്റി 'വർഷ' എന്ന പേരിൽ ഒരു മഴവെള്ള കൊയ്ത്ത് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നുണ്ട്. പതിനൊന്നാം ധനകാര്യ കമ്മീഷൻ അവാർഡുപയോഗപ്പെടുത്തിയും മഴവെള്ളകൊയ്ത്ത് പദ്ധതികൾ കേരള വാട്ടർ അതോറിറ്റി നടപ്പാക്കി വരുന്നുണ്ട്. കൂടാതെ ലോക ബാങ്ക് സഹായത്തോടെ കേരളാ റൂറൽ വാട്ടർ സപ്ലൈ & സാനിട്ടേഷൻ ഏജൻസി (KRWSA) മുഖാന്തിരം നടപ്പാക്കി വരുന്ന ഗ്രാമീണ കുടിവെള്ള പദ്ധതികളിലും മഴവെള്ളകൊയ്ത്ത് ഒരു ഘടകമാണ്.

(സി) സംസ്ഥാനത്ത് മഴവെള്ളം സംഭരിച്ച് ഉപയോഗപ്പെടുത്തുന്നതിനുള്ള നിയമനിർമ്മാണ നടപടികൾ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും സ്വീകരിച്ചു വരുന്നുണ്ട്. നഗരപ്രദേശങ്ങളിൽ പുതുതായി നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് മഴവെള്ളം ശേഖരിക്കുന്നതിനുള്ള സംവിധാനങ്ങൾ നിർബന്ധമാക്കിയിട്ടുണ്ട്. 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇതിനാവശ്യമായ ഭേദഗതി വരുത്തിയിട്ടുണ്ട്. മുനിസിപ്പാലിറ്റി ആക്ടിലും ആവശ്യമായ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ജലവിഭവ വകുപ്പു ഏറ്റെടുത്ത് നടത്തി വരുന്ന പദ്ധതികൾ

33 [190] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പ് ഏറ്റെടുത്തിട്ടുള്ളതും നിലവിൽ പ്രവൃത്തി പൂർത്തിയാക്കാനുള്ളതുമായ പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) ഇവയിൽ ഏതൊക്കെ പദ്ധതികൾ ഉപേക്ഷിക്കാൻ തീരുമാനിച്ചു; അതിനുള്ള കാരണങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ;

(സി) ഇപ്പോൾ അടിയന്തിര പ്രാധാന്യം നല്കി പ്രവൃത്തി പുരോഗമിക്കുന്ന പദ്ധതികളുടെ വിശദാംശം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതികൾ എന്നത്തേക്ക് പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 1. ഇടമലയാർ ജലസേചന പദ്ധതി
2. മൂവാറ്റുപുഴ ജലസേചന പദ്ധതി
3. വാമനപുരം ജലസേചന പദ്ധതി
4. കല്ലട ജലസേചന പദ്ധതി
5. കാരാപ്പുഴ ജലസേചന പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly